"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം-കൊല്ലം ജില്ലയിലെ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ.സന്തോഷ് കുമാർ.ബി യുടെ അനധികൃത ഹാജരില്ലായ്മക്കാലയളവ് കെ.എസ്.ആർ ഭാഗം I ചട്ടം 88 (ii) ൽ ഇളവ് വരുത്തി ശൂന്യ വേതന അവധി അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.741/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 22/03/2021

പരാമർശം:- 1 14.06.1994ലെ 36/94/ധന നമ്പർ സർക്കുലർ.

2 കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 12.02.2015 ലെ ഡി1-10433/06 നമ്പർ നടപടിക്രമം.

3 ശ്രീ.സന്തോഷ് കുമാർ.ബി യുടെ 07.06.2019ലെ ശൂന്യവേതനാവധിയപേക്ഷ.

4 പഞ്ചായത്ത് ഡയറക്ടറുടെ 12.12.2019, 22.06.2020 എന്നീ തീയതികളിലെ ഇ6-12180/19നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

കൊല്ലം ജില്ലയിലെ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ.സന്തോഷ് കുമാർ.ബി യുടെ 04.10.2006 മുതൽ 16.02.2007 വരെയുള്ള അനധികൃത ഹാജരില്ലായ്മക്കാലയളവ് ക്രമീകരിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (2) പ്രകാരം ടിയാൻ സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. ശ്രീ.സന്തോഷ് കുമാർ.ബി 04.10.2006 മുതൽ 16.02.2007 വരെ അനധികൃതമായി ഹാജരാകാതിരുന്നതിന് ടിയാന് താക്കീത് നൽകി പരാമർശം (2) പ്രകാരം അച്ചടക്ക നടപടി തീർപ്പാക്കിയിട്ടുണ്ട്. ടിയാൻ 17.02.2007ൽ വിളക്കുടി ഗ്രാമപഞ്ചായത്തിൽ ജോലിയിൽ പുന:പ്രവേശിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം ജില്ലയിലെ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ.സന്തോഷ് കുമാർ.ബി യുടെ 04.10.2006 മുതൽ 16.02.2007 വരെയുള്ള ഹാജരില്ലായ്മക്കാലയളവ് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിത അവധി എന്നിവയ്ക്കു പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ

മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാതെ കെ.എസ്.ആർ ഭാഗം I ചട്ടം 88 (ii) ൽ ഇളവ് വരുത്തി ശൂന്യവേതനാവധി അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ലീന എ**
**ഡെപ്യൂട്ടിസെക്രട്ടറി**

**പകർപ്പ്**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം(പഞ്ചായത്ത് ഡയറക്ടർ മുഖേന).

സെക്രട്ടറി, കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത്, കൊല്ലം(പഞ്ചായത്ത് ഡയറക്ടർ മുഖേന).

ശ്രീ.സന്തോഷ് കുമാർ.ബി, ക്ലാർക്ക്, കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത്, കൊല്ലം(പഞ്ചായത്ത് ഡയറക്ടർ മുഖേന)

ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.(08/ഇപിഎ1/2020/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ